**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തിരൂർ നഗരസഭ – മലപ്പുറം തിരൂർ താലൂക്ക് തൃക്കണ്ടിയൂർ വില്ലേജിൽ സർവെ നമ്പർ 196/10 എ, 196/9, 196/10 ബി എന്നിവയിലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ ആശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഓങ്കോളജി ബ്ലോക്കിന്റെ പാർക്കിംഗ് സ്പേസ് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.657/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി 20/03/2019.**

---

പരാമർശം:- 1) 23.04.18 ലെ സ.ഉ. (സാധാ) നം.1162/2018/തസ്വഭവ ഉത്തരവ്.

2) മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.7.18 ലെ പി3-824/14 നമ്പർ കത്ത്.

3) മുഖ്യ നഗരാസൂത്രകന്റെ 11.12.18 ലെ സി1/7662/18 നമ്പർ കത്ത്.

4) മലപ്പുറം നഗരാസൂത്രകയുടെ 28.1.19 ലെ എ 3-1587/18 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് തൃക്കണ്ടിയൂർ വില്ലേജിൽ സർവെ നമ്പർ 196/10 എ, 196/9, 196/10 ബി എന്നിവയിലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന തിരൂർ ജില്ലാ ആശുപത്രി കെട്ടിടത്തിന് വ്യവസ്ഥകൾക്ക് വിധേയമായി 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം 117(1), 34(9), 33(5), 117(3), 25(1) എന്നീ ചട്ടങ്ങളിൽ ഇളവനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ രണ്ടാമത്തെ വ്യവസ്ഥയായ, പുതുതായി നിർമ്മിക്കുന്ന ഓങ്കോളജി ബ്ലോക്കിന്റെ ബേസ്മെന്റ് ഫ്ലോറിൽ പാർക്കിംഗ് സ്പേസ് ഉൾപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെടുകയുണ്ടായി.

പരാമർശ ആശുപത്രി കെട്ടിടത്തിന് 120 എണ്ണം മെക്കാനിക്കൽ പാർക്കിംഗും 62 എണ്ണം ഓപ്പൺ പാർക്കിംഗും ഉൾപ്പെടെ ആകെ 182 എണ്ണം പാർക്കിംഗ് ആണ് നൽകിയിട്ടുള്ളത്. ചട്ട പ്രകാരം 85 എണ്ണം ഓപ്പൺ പാർക്കിംഗ് ആവശ്യമായിരിക്കെ 62 എണ്ണമാണ് നൽകിയിട്ടുള്ളത്. ഓപ്പൺ പാർക്കിംഗിൽ കുറവുള്ള 23 എണ്ണം പാർക്കിംഗ് സ്ഥലം മറ്റെവിടെയെങ്കിലും നൽകാനാകുമോ എന്ന് പരിശോധിക്കുന്നതിനും ഇല്ലാത്ത പക്ഷം രണ്ടാമത്തെ നിബന്ധനയിൽ ഇളവ് നൽകുന്നത് പരിഗണിക്കുന്നതിനും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിരുന്നു.

സമർപ്പിച്ചിരുന്ന പ്ലാനുകൾ പ്രകാരവും സ്ഥല പരിശോധന നടത്തിയതിലും 5 എണ്ണം അംഗപരിമിതർക്കുള്ള പാർക്കിംഗ് ബ്ലോക്ക് എ 1 ന്റെ വടക്ക് വശത്ത് ലഭ്യമാകുന്നതിനാൽ മൊത്തം ഓപ്പൺ പാർക്കിംഗ് 67 എണ്ണമായി കണക്കാക്കി ബാക്കി വരുന്ന 18 എണ്ണം പാർക്കിംഗിനുള്ള സ്ഥലം പ്രസ്തുത പ്ലോട്ടിൽ ലഭ്യമല്ല എന്ന് മലപ്പുറം ടൗൺ പ്ലാനർ പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഭാവിത ഓങ്കോളജി ബ്ലോക്കിന്റെ ബേസ്മെന്റ് ഫ്ലോറിൽ റേഡിയേഷൻ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാലും ഓങ്കോളജി ബ്ലോക്കുമായി ബന്ധപ്പെട്ട് റേഡിയേഷൻ സേഫ്റ്റി നിയമങ്ങൾ പാലിച്ചു കൊണ്ട് ലീനിയർ ആക്സിലറേറ്റർ, റേഡിയേഷൻ മെഷീനുകൾ എന്നിവ സ്ഥാപിക്കുന്നതിനാലും റേഡിയേഷന് എത്തുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വെയിറ്റിംഗ് സൗകര്യം ഏർപ്പെടുത്താൻ കൂടുതൽ സ്ഥലം ആവശ്യമാണ് എന്നതിനാലും ബേസ്മെന്റ് ഫ്ലോറിൽ വാഹനം ഓടിക്കുന്നത് അനുവദനീയമല്ലാത്തതാണ്. ആയതിനാൽ പരാമർശം (1) ലെ രണ്ടാം നിബന്ധന പാലിക്കുന്നത് പ്രായോഗികമായി അസാദ്ധ്യമായി കാണുന്നു.

മേൽ സാഹചര്യത്തിൽ ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ രണ്ടാം നിബന്ധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത. എസ്.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മലപ്പുറം
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം
സെക്രട്ടറി, തിരൂർ നഗരസഭ
സൂപ്രണ്ട്, തിരൂർ ജില്ലാ ആശുപത്രി, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ